I/249900/2024

<u>ഭരണഭാഷ – മാതൃഭാഷ</u>

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/55564/2023-DB5 തീയതി: 27-03-2024

**" സർക്കുലർ "**

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-LSGD-LID&EW- R-Track -Road Connectivity Mapping - സംബന്ധിച്ച്

സൂചന: 1. Online Meeting With SE in Circles ,SE in Corporations ,EE in DPs,EE in Municipalities , KSREC Dt.26/03/2024

R-TRACK - റോഡ് കണക്ടിവിറ്റി മാപ്പിംഗുമായി ബന്ധപ്പെട്ട് Login സംബന്ധമായും, സാങ്കേതികപരമായും ചില പരാതികൾ ഇപ്പോഴും നിലനിൽക്കുന്നതായി സൂചന മീറ്റിംഗിൽ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി. സാങ്കേതികമായ പ്രശ്നപരിഹാരത്തിന് ജില്ലാ/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളതും , നോഡൽ ഓഫീസർമാരുടെ പേര് വിവരങ്ങൾ ചീഫ് എൻജിനീയറുടെ വെബ്സൈറ്റിൽ പ്രൊഫോർമ P-1241 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ് . Nodal Officer തലത്തിൽ പരിഹരിക്കാനാകാത്ത വിഷയങ്ങൾ, Nodal Officer "rtrackroad@gmail.com" എന്ന e-mail -ID മുഖാന്തിരം KSREC-യുമായി ബന്ധപ്പെട്ട് സമയബന്ധിതമായി പരിഹാരം കാണേണ്ടതാണ്. Nodal Officers മാറ്റമുണ്ടെങ്കിൽ ആയത് യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

2024-25 സാമ്പത്തിക വർഷം മുതൽ മെയിൻ്റനൻസ് ഫണ്ട് വിഹിതം പൂർണ്ണമായും R-Track റോഡ് ആസ്തി വിശദാംശങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്ന് ബഹു. സർക്കാർ വ്യക്തമായി അറിയിച്ചിട്ടുണ്ട്. അതിനാൽ R-Track ഡാറ്റാ ശേഖരണവും, സ്ഥിരീകരണവും, പുനരാരംഭിക്കുന്നതിനും , പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 26-03-24-ന് മേഖലാ സൂപ്രണ്ടിങ് എൻജിനീയർമാർ , കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാർ , ജില്ലാപഞ്ചായത്ത് എക്സിക്കൂട്ടീവ് എൻജിനീയർമാർ , മുനിസിപ്പാലിറ്റിയിലെ എക്സിക്കൂട്ടീവ് എൻജിനീയർമാർ , KSREC എന്നിവരെ ഉൾപ്പെടുത്തി ചീഫ് എൻജിനീയർ വിളിച്ചു ചേർത്ത യോഗത്തിൽ R-Track ഏപ്രിൽ-മെയ് മാസങ്ങളിലായി പൂർത്തീകരിക്കുകയും , ജൂൺ 15-നുള്ളിൽ തന്നെ LSGI കമ്മിറ്റി അംഗീകാരം നേടുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ് . കൂടാതെ ചുവടെ ചേർത്തിട്ടുള്ള നിർദേശങ്ങളും അടിയന്തിരമായി പാലിക്കുന്നതിന് ഉൾപ്പെടുത്തുന്നു.

1) ആദ്യപടിയായി, ഓരോ ജില്ലയിലും, R-Track ആരംഭിക്കുന്നതിനായി ആകെ LSGI -കളുടെ മൂന്നിലൊന്ന് എണ്ണം തെരഞ്ഞെടുത്തു പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എൻജിനീയർ സ്വീകരിക്കേണ്ടതാണ് .

2) ഏപ്രിൽ 1-നു തന്നെ Login സംബന്ധിയായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ് .

3) 03-04-2024-ന്, എല്ലാ ജില്ലകളും ഒരു നിശ്ചിത സമയത്ത് R-Track സർവേ/ വെരിഫിക്കേഷൻ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. (ആയതിലേക്കുള്ള സമയം അറിയിക്കുന്നതാണ് )

4)കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരും , കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാരും ( കൊല്ലം ജില്ലയിലെ SE ഒഴികെ) സൂചന മീറ്റിംഗിൽ പങ്കെടുക്കാത്തവർ ഈ കാര്യാലയവുമായി കൂടിയാലോചിച്ച് ആവശ്യമായ കാര്യങ്ങൾ സ്വയം ചെയ്ത് മറ്റ് ജില്ലകളോടൊപ്പം ആരംഭിക്കേണ്ടതാണ്.

5) LSGD Road Assets , LSGI എഞ്ചിനീയർമാർക്ക് മാത്രമേ ട്രാക്ക് ചെയ്യാൻ കഴിയൂ, ഏപ്രിൽ മെയ് മാസങ്ങളിലായി ഈ R-Track -മായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 27-03-2024 19:08:11

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER